പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3136 | 13-03-2017-ലെ മറുപടിയ്ക്ക്

**വരൾച്ചയും, ജലദൗർലഭ്യവും**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ.ശശി | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

**(എ)** സംസ്ഥാനത്ത് കാലാവസ്ഥാവ്യതിയാനം കാരണമുണ്ടായ വരൾച്ചയും, ജലദൗർലഭ്യവും മൂലം എത്ര ഹെക്ടർ ഭൂമിയിൽ കൃഷി നശിച്ചു;എത്ര തുകയുടെ നഷ്ടം ഇതുമൂലമുണ്ടായി;ഏതെല്ലാം മേഖലയിൽ കർഷകരെ ഇതു ബാധിച്ചു;വിശദാംശം ലഭ്യമാക്കുമോ;

**(എ)** സംസ്ഥാനത്ത് വരൾച്ച മൂലം ഏകദേശം 35985 കർഷകരുടെ 35095.78 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 300 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകും എന്നാണ് കണക്കാക്കുന്നത്. നെല്ല്, വാഴ, തെങ്ങ്, കുരുമുളക്, പച്ചക്കറി, ഏലം, റബ്ബർ തുടങ്ങിയ വിളകൾക്കാണ് വ്യാപകനാശം സംഭവിച്ചിട്ടുള്ളത്.

**(ബി)** കാർഷികമേഖലയിലുണ്ടാകുന്ന വരൾച്ച ഫലപ്രദമായി നേരിടാനുള്ള മാർഗ്ഗങ്ങളായ മഴവെള്ളസംഭരണം, കുളങ്ങളുൾപ്പെട്ട നീരുറവകളുടെ സംരക്ഷണം, മണ്ണൊലിപ്പ് തടയൽ കുളങ്ങളേയും ജലാശയങ്ങളെയും മാലിന്യവിമുക്തമാക്കൽ എന്നീ പ്രവർത്തനങ്ങൾ എന്തെല്ലാം നാളിതുവരെ നടത്തിയെന്ന് വ്യക്തമാക്കുമോ;

**(ബി)** ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെ കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു.

ജലസംഭരണികൾ മഴക്കുഴികൾ എന്നിവ നിർമ്മിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തണ്ണീർത്തടങ്ങളെ നാശോന്മുഖമാക്കാതെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| **(സി)** കൊടുംവരൾച്ചയിൽ നിന്നും കർഷകരെ സംരക്ഷിക്കാനുള്ള മഴപ്പൊലിമ പദ്ധതിയിലൂടെ സർക്കാർ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ; | **(സി)** മഴപ്പൊലിമ പദ്ധതിയിലൂടെ നാളിതുവരെ തൃശ്ശൂർ ജില്ലയിലെ ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറ-പെരുമ്പറ പട്ടികവർഗ്ഗ കോളനിയിൽ കിണർ റീചാർജ്ജിംഗിനും ഡീസിൽറ്റിംഗിനും വേണ്ടി 25,006/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| **(ഡി)** കൃഷിനാശം സംഭവിച്ച കർഷകർക്ക് ഈ സർക്കാർ നാളിതുവരെ എന്തൊക്കെ സഹായനടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ? | **(ഡി)** വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്ന് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി ശേഖരിച്ചു വരുന്നു. ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോരിറ്റി വഴി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്കു മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>വിളനാശത്തിന് അർഹമായ നഷ്ടപരിഹാരത്തുക സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഉടനടി വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽകൃഷിയ്ക്ക് വരൾച്ചാ ദുരിതാശ്വാസമായി ഒരു ഹെക്ടറിന് 13500/- രൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 12,500/- രൂപയും ലഭിയ്ക്കും. കൂടാതെ പരമാവധി കർഷകരെ ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ